# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1138   02.03.2017 ൽ മറുപടിക്ക്**

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്ത പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | എ) | ബഡ്ജറ്റ് വർക്ക് 2013-14 ഇക്ബാൽ റോഡ് ഇമ്പ്രൂവ്മെന്റ് എന്ന പ്രവൃത്തിയാണ് വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്തത്. |
| ബി) | ഇവയുടെ പ്രവർത്തനം ആരംഭിക്കുവാൻ തടസ്സമെന്താണെന്നും പ്രവൃത്തികൾ തുടങ്ങുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ; | ബി) | ഇക്ബാൽ റോഡ് പണി ആരംഭിച്ച് പ്രാരംഭ നടപടികളായപ്പോൾ റോഡിന്റെ വീതി വർദ്ധിപ്പിച്ച് മാത്രമേ പണി നടത്താവൂ എന്ന പൊതുജനങ്ങളുടെ തടസ്സവാദം കാരണം പണി ആരംഭിക്കാൻ സാധിച്ചില്ല. വീതി ലഭ്യമായപ്പോഴേയ്ക്കും കരാറുകാരന്റെ കാലാവധി കഴിഞ്ഞു പോയതിനാൽ എൽ എം ആർ റേറ്റിൽ റേറ്റ് റിവൈസ് ചെയ്താൽ പണി ചെയ്യാമെന്ന് അറിയിക്കുകയും എന്നാൽ ഈ റേറ്റ് ന്യായീകരിക്കാൻ സാധിക്കുകയില്ല എന്നതിനാൽ കരാറുകാരനെ റിസ്ക് & കോസ്റ്റില്ലാതെ ടെർമിനേറ്റ് ചെയ്ത് റീടെണ്ടർ ചെയ്യുവാനും നടപടി ആരംഭിച്ചു. പ്രവൃത്തി ടെർമിനേറ്റ് ചെയ്ത് ബാക്കി ഭാഗത്തെ പ്രവൃത്തിക്ക് പുതിയ നിരക്ക് അനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ